**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2860** **13-02-2024 - ൽ മറുപടിയ്ക്ക്**

**സ്നേഹതീരം വായ്പ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | സ്നേഹതീരം വായ്പ പദ്ധതി പ്രകാരം ഗുരുവായൂർ മണ്ഡലത്തിൽ നൽകിയ വായ്പകളുടെ വിശദാംശം നൽകുമോ; പ്രസ്തുത വായ്പ പദ്ധതിയുടെ മാനദണ്ഡങ്ങൾ വിശദമാക്കാമോ? | (എ) | സ്നേഹതീരം വായ്പ പദ്ധതി പ്രകാരം ഗുരുവായൂർ മണ്ഡലത്തിൽ വായ്പകൾ നൽകിയിട്ടില്ല. ടി പദ്ധതി പ്രകാരമുള്ള വായ്പകൾ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>കേരളത്തിലെ കടൽത്തീരവും കായലോരവുമുള്ള തീരദേശത്തെ മത്സ്യ ബന്ധനം, മത്സ്യ വിപണനം, മത്സ്യ സംസ്കരണം എന്നീ തൊഴിൽ മേഖകളിൽ ഏർപ്പെട്ടിരിക്കുന്നവർ തങ്ങളുടെ തൊഴിലുമായി ബന്ധപ്പെട്ട ദൈനംദിന മൂലധനത്തിനായി പണം കണ്ടെത്തുന്നതിന് കൂടുതലായും ആശ്രയിക്കുന്നത് ബ്ലേഡു പലിശക്കാരെയാണ്. മേൽ വിഭാഗം ജനങ്ങളെ ഭീമമായ പലിശ ഈടാക്കുന്ന പലിശക്കാരിൽ നിന്നും ഒഴിവാക്കി സഹകരണ മേഖല വഴി ലളിതമായ നടപടിക്രമങ്ങളിലൂടെ, വളരെ ചെറിയ പലിശമാത്രം ഈടാക്കി, ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള SAF (Society for Assistance to Fisher Women) ന്റെ മേൽ നോട്ടത്തിൽ നിശ്ചിത കാലാവധിയുള്ള വായ്പ നൽകുക എന്ന ഉദ്ദേശ്യത്തോടെയാണ് സ്നേഹതീരം പദ്ധതി നടപ്പിലാക്കുന്നത്.<br><br>ടി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സഹകരണസംഘം രജിസ്ട്രാർ ഫിഷറീസ് ഡയറക്ടർ, സാഫ് പ്രതിനിധി എന്നിവരുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്.<br><br>**മാനദണ്ഡങ്ങൾ**<br><br>1. മത്സ്യബന്ധന തൊഴിലാളികളും, മത്സ്യ വിപണന തൊഴിലാളികളും മത്സ്യ സംസ്കരണ തൊഴിലാളികളും ആണ് സ്നേഹതീരം പദ്ധതിയുടെ ഗുണഭോക്താക്കൾ.<br>2. തീരദേശം പ്രവർത്തന പരിധിയുള്ള പ്രാഥമിക കാർഷിക സംഘങ്ങൾ സാഫിന് ക്യാഷ് ക്രഡിറ്റ് വായ്പ നൽകുന്നു. സാഫിൽ |

അംഗത്വമെടുത്തിട്ടുള്ള ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കായിരിക്കും ഈ പദ്ധതി പ്രകാരമുള്ള വായ്പ ലഭ്യമാകുന്നത്.

3. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് പരമാവധി 50,000/- രൂപയായിരിക്കും വായ്പയായി ലഭിക്കുക.
4. ലയബിലിറ്റി ഗ്രൂപ്പിന് നിലവിലുള്ള വായ്പ പരിധിയോടൊപ്പം പുതിയ വായ്പ/ടോപ്പപ്പ് ലോണും ചേർന്ന തുകയുടെ പരിധി 50,000/- രൂപയിൽ കവിയാൻ പാടില്ല.
5. തീരദേശം പ്രവർത്തന പരിധിയുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ സാഫിന് 9% പലിശ നിരക്കിൽ ഒരു വർഷത്തേയ്ക്ക് വായ്പ നൽകുന്നു.
6. ഈ വായ്പാതുക സാഫ് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും മത്സ്യതൊഴിലാളികൾക്കും പ്രതിവാര തവണകളായി സാഫ് നിശ്ചയിക്കുന്ന പലിശ നിരക്കിൽ പുനർവായ്പ നൽകുന്നു.
7. സാഫ് മുഖാന്തിരം ലഭിക്കുന്ന വായ്പ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് 12% നിരക്കിൽ അംഗങ്ങൾക്ക് നൽകാവുന്നതും അധികം ലഭിക്കുന്ന പലിശയിൽ 1.5 % സർവ്വീസ് ചാർജ്ജ് ആയി സാഫിന് നൽകേണ്ടതുമാണ്.
8. വായ്പാ ആനുകൂല്യം ലഭിച്ചാലും ഇല്ലെങ്കിലും ഗ്രൂപ്പിലെ എല്ലാ അംഗങ്ങളും വായ്പയിലെ കക്ഷി ആയിരിക്കും. ബാങ്ക് അധികൃതരുടെ സാന്നിധ്യത്തിൽ ഗ്രൂപ്പിലെ അംഗങ്ങൾ തമ്മിൽ വായ്പ സംബന്ധിച്ച കരാറിൽ ഒപ്പിടേണ്ടതാണ്.
9. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് ഇതേ ആവശ്യത്തിനായി മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുക്കാൻ പാടില്ലാത്തതാണ്.
10. ഒരു കുടുംബത്തിൽ നിന്നും ഒരംഗത്തിന് മാത്രമേ വായ്പയ്ക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ.
11. പരമാവധി 10 ലക്ഷം രൂപവരെ മാത്രമേ ഒരു സമയം വായ്പ നൽകുന്നതിന് വിനിയോഗിക്കാൻ ബാങ്കിന് അധികാരമുള്ളൂ.
12. കേരളത്തിലെ തീരദേശവും കായലോരവുമുള്ള ജില്ലകളിലെ പ്രാഥമിക കാർഷിക സംഘങ്ങൾ / ബാങ്കുകളിലൂടെ അർഹരായ ഗുണഭോക്താക്കൾക്ക് പദ്ധതിയിലൂടെ ആനുകൂല്യം ലഭ്യമാക്കുന്നതാണ്.

<u>**വായ്പാ അനുവദിക്കുന്നതും തിരിച്ചടവും**</u>

| ഇനം | വായ്പാ തുക | ഇനം |
|---|---|---|

| | | |
|---|---|---|
| | 25,000 | 50,000 |
| പലിശ നിരക്ക് | 9% | 9% |
| ഒരു വർഷത്തെ പലിശ | 2250 | 4500 |
| തിരിച്ചടവ് ആഴ്ചയിൽ | 525 | 1050 |
| ആകെ തിരിച്ചടവ് 52 ആഴ്ച | 27250 | 54500 |

വായ്പയുടെ തിരിച്ചടവ് സാഫ് ഉറപ്പുവരുത്തുന്നതാണ്. ഇതിനായി സാഫും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘവും തമ്മിൽ ഒരു ത്രികക്ഷി സമ്മതപത്രം ഒപ്പിടേണ്ടതുണ്ട്. ടി സമ്മതപത്രത്തിൽ ഒന്നാം കക്ഷി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘവും രണ്ടാം കക്ഷി സാഫും മൂന്നാം കക്ഷി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുമായിരിക്കും. വായ്പ കാലാവധിക്കുള്ളിൽ തിരിച്ചടയ്ക്കേണ്ടതാണ്.

**മറ്റ് കാര്യങ്ങൾ**

1. സ്നേഹതീരം പദ്ധതിയിലൂടെ നൽകുന്ന വായ്പകൾ സഹകരണ റിസ്ക് ഫണ്ട് പദ്ധതിയുടെ പരിധിയിൽ വരുന്നതല്ല.
2. മുറ്റത്തെ മുല്ല പദ്ധതി പ്രകാരം വായ്പ ലഭിച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതല്ല.

സെക്ഷൻ ഓഫീസർ